# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

ഗസറ്റ് വിജ്ഞാപനത്തിലൂടെ പേര് മാറ്റിയ വ്യക്തിയുടെ കുട്ടികൾക്ക് ജനനസർട്ടിഫിക്കറ്റ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം :3084  21.08.17-ൽ മറുപടി നൽകേണ്ടത്**

| | ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | പേര് മാറ്റി ഗസറ്റ് വിജ്ഞാപനം ചെയ്യുന്ന വ്യക്തിയുടെ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റിൽ ടിയാന്റെ കാല ശേഷവും ബുദ്ധിമുട്ടുണ്ടാക്കും വിധ ത്തിൽ പഴയ പേരിനൊപ്പം ഏലിയാസ് ചേർത്ത് പുതിയ നാമവും ചേർത്ത് ജനനസർട്ടിഫിക്കറ്റ് നൽകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ: | (എ) | ഉണ്ട്, ജനന മരണ രജിസ്ട്രേഷനിൽ ജനനമോ മരണമോ നടന്ന സമയത്ത് നിലവിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. അതിന് ശേഷം പ്രസ്തുത വിവരങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ രജിസ്ട്രേഷനുകളിൽ വരുത്തുന്നതിന് വ്യവസ്ഥയില്ല, എന്നാൽ കുട്ടിയുടെ ജനന ശേഷം മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപനം മുഖേന അറിയപ്പെടുന്ന പേരായി (alias) ചേർത്ത് നൽകാൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം പേരു മാറ്റിയ വ്യക്തിയുടെ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റിൽ ഇത്തരത്തിൽ പേര് ചേർത്ത് നൽകുന്നത് അവർക്ക് ഭാവിയിൽ വലിയ ബുദ്ധിമുട്ടിനിടയാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല, കുട്ടിയുടെ ജനനത്തിനു മുമ്പ് മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപനം പ്രകാരം മാറ്റുന്ന കേസുകളിൽ പുതിയ പേര് മാത്രവും അതിന് ശേഷമുള്ള സംഗതികളിൽ alias name ആയും ഉൾപ്പെടുത്താവുന്നതാണ്. |
| (സി) | ഗസറ്റ് വിജ്ഞാപനം മുഖേന പേരുമാറ്റിയ ആളുടെ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റിൽ പിതാവിന്റെ പുതിയ പേര് മാത്രം ചേർത്ത് നൽകുന്നതിന് തയ്യാറാകുമോ; | (സി) | ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം കുട്ടിയുടെ ജനനത്തിന് ശേഷം ഗസറ്റ് വിജ്ഞാപനം മുഖേന മാറ്റിയ പേര് ചേർത്ത് കുട്ടിയുടേയോ മാതാപിതാക്കളുടേയോ പേര് തിരുത്താൻ കഴിയില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) | ജനന മരണ രജിസ്ട്രേഷനിൽ ജനനമോ മരണമോ നടന്ന സമയത്ത് നിലവിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. അതിന് ശേഷം പ്രസ്തുത വിവരങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ രജിസ്ട്രേഷനുകളിൽ വരുത്തുന്നതിന് വ്യവസ്ഥയില്ല. കുട്ടിയുടെ ജനനത്തിനു മുമ്പ് ഗസറ്റ് വിജ്ഞാപനം പ്രകാരം പേര് മാറ്റുന്ന കേസുകളിൽ പുതിയ പേര് മാത്രവും അതിന് ശേഷമുള്ള സംഗതികളിൽ alias name ആയും ഉൾപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ